₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 13
Issue 10

April 2025

pages 24

"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു"

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 13   Issue 10   April 2025   pages 24   Rs.5/**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in

*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*

**Book No. 160**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


## ഉള്ളടക്കം


പേജ്

- **തെറ്റുകളെ വെള്ള പൂശരുത്** 3
- **പ്രതികരണങ്ങൾ** 6
- **ആസ്യയിലെ ഏഴ് സഭകൾ** (14) 8
- **കെ. വി. ഐസക്ക്**(അഭിമുഖം)(13) 12
- **യോനാ** (പുസ്തകപഠനം) (11) 17
- **ഓർമ്മകൾ** (42) 20
- **ബൈനോക്കുലർ** (28) 23
- **ജഡ്ജിയുടെ അമിതസമ്പാദ്യം** 24


**ഈ മാസികയുടെ ലക്ഷ്യം:**
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ആരുടെയും തെറ്റുകളെ വെള്ള പൂശരുത് : ഗുരുവായാലും പിതാവായാലും

നമ്മുടെ ദൈവം നീതിമാനാണ്. നീതി ഇഷ്ടപ്പെടുന്നവനാണ്. അവിടുത്തെ മക്കളായ നാമും നീതി ഇഷ്ടപ്പെടുന്നവരും നീതി പ്രവർത്തിക്കുന്നവരും ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആരുടെയും തെറ്റുകളെ ന്യായീകരിക്കാൻ നാം ശ്രമിക്കേണ്ടതില്ല – അവർ നമ്മുടെ ഏറ്റവും പ്രിയപ്പെട്ടവരായാൽ പോലും! മറ്റുള്ളവർ ചെയ്യുന്ന തെറ്റിനെ ന്യായീകരിച്ച് അവരെ സംരക്ഷിക്കാൻ ശ്രമിക്കുമ്പോൾ നാം അവരുടെ തെറ്റുകളിൽ പങ്കാളികളാവുകയാണ് ചെയ്യുന്നത്. സ്വന്തമായി നമ്മുടെ ഭാഗത്തുനിന്ന് പല തെറ്റുകൾ സംഭവിക്കാറുണ്ട്. അതുകൂടാതെ വല്ലവനും ചെയ്തുകൂട്ടുന്നതിനെ പിന്തുണച്ച്, നാമെന്തിന് കൂടുതൽ ദൈവകോപം സമ്പാദിക്കണം?

രാഷ്ട്രീയപാർട്ടികളിൽ സജീവമായി പ്രവർത്തിക്കുന്ന വിശ്വാസികളുണ്ട്. എങ്ങനെയാണ് അവർക്കതിന് കഴിയുന്നത് എന്ന് ഓർത്ത് ഞാൻ ആശ്ചര്യപ്പെടാറുണ്ട്. നീതിബോധമുള്ള ആർക്കും പ്രവർത്തിക്കാൻ പറ്റിയ മേഘലയല്ല രാഷ്ട്രീയപാർട്ടികൾ എന്നാണ് എന്റെ അഭിപ്രായം. ആ വ്യക്തി ഉൾപ്പെട്ടു നിൽക്കുന്ന രാഷ്ട്രീയപാർട്ടിയുടെ സകല തെറ്റുകളെയും ന്യായീകരിച്ചും പ്രതിരോധിച്ചും നിൽക്കേണ്ട അവസ്ഥ വളരെ മോശം തന്നെയാണ്. ദൈവമക്കൾ ദൈവസഭയിൽ സജീവമാകട്ടെ. വല്ലവന്റെയും കറുത്ത തെറ്റുകളെ വെള്ളപൂശി വെളുപ്പിച്ച് എന്തിന് നാണംകെടണം? രാഷ്ട്രീയ പാർട്ടികളിൽ സജീവമായാൽ ലഭിക്കുന്ന 'നന്മ'കളേക്കാൾ എത്രയോ വലിയ അനുഗ്രഹങ്ങൾ ദൈവസഭയിൽ സജീവമായാൽ ലഭിക്കും എന്ന് തിരിച്ചറിയുക.

രാഷ്ട്രീയപാർട്ടികളിലെ സ്വാധീനംകൊണ്ട് സഭയ്ക്ക് ഗുണമുണ്ടെന്ന് വാദിക്കുന്നവരുണ്ട്. എന്തു ഗുണം? സഭയെ സംരക്ഷിക്കുന്നതും വളർത്തുന്നതുമെല്ലാം കർത്താവാണ്. പാതാളഗോപുരങ്ങൾ ജയിക്കാത്ത പ്രസ്ഥാനമായി സഭയെ ഇത്രയും നൂറ്റാണ്ടുകൾ നിലനിർത്തിയത് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയല്ല, കർത്താവാണ്. ഇത്രയും നൂറ്റാണ്ടുകൾ നിലനിന്ന ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുണ്ടോ? അതുകൊണ്ട് രാഷ്ട്രീയപാർട്ടികളും

അവരുടെ നേതാക്കന്മാരും വിരിക്കുന്ന തണൽ ദൈവസഭയ്ക്ക് വളരുവാൻ ആവശ്യമില്ല. അക്കാരണവും പറഞ്ഞ് ആരും രാഷ്ട്രീയപാർട്ടികളിൽ പ്രവർത്തിക്കേണ്ടതില്ല.

ആത്മികരംഗത്ത് കണ്ടുവരുന്ന ഒരു പ്രവണതയെക്കുറിച്ച് പറയാം. സുവിശേഷം പറഞ്ഞ് മുന്നോട്ട് കൊണ്ടുവന്നവരോടും വചനം പഠിപ്പിച്ചവരോടും ഒരുതരം അന്ധമായ വിധേയത്വം വച്ചുപുലർത്തുന്ന ചിലരുണ്ട്. അവർ പറയുന്നതെല്ലാം ശരി, അവർ ചെയ്യുന്നതെല്ലാം ശരി എന്ന മനോഭാവം. ഇത് ശരിയല്ല. നിങ്ങളോട് സുവിശേഷം പറഞ്ഞ് രക്ഷയിങ്കലേക്ക് നടത്തുവാൻ ദൈവം ഉപയോഗിച്ച വ്യക്തി (ആത്മികപിതാവ്), അതുപോലെ ത്തന്നെ നിങ്ങളെ വചനം പഠിപ്പിച്ച വ്യക്തി (ആത്മികഗുരു) ഇവരൊക്കെ ദൈവകരങ്ങളിൽ നല്ല രീതിയിൽ ഉപയോഗിക്കപ്പെട്ടു എന്നത് സത്യം. പക്ഷേ അവരും മനുഷ്യരാണ്. അവർക്കും തെറ്റുപറ്റാം. ആത്മികപിതാവും ആത്മികഗുരുവും കാണിച്ചുതന്നതും പഠിപ്പിച്ചതും അന്ധമായി പിന്തുടരാതെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അവ പരിശോധിച്ച് ആവശ്യമെങ്കിൽ ദൈവവചനത്തിന് അനുകൂലമായി വ്യതിചലിക്കാൻ ഓരോ വിശ്വാസിയും തയ്യാറാകണം.

അപ്പൊസ്തലനായ പൗലൊസ് ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെട്ട വ്യക്തിയാണെന്നതിന് ആർക്കും തർക്കമുണ്ടാകില്ല. ക്രൈസ്തവസഭയുടെ മുന്നോട്ടുള്ള കുത്തൊഴുക്കിന് പൗലൊസ് ദൈവകരങ്ങളിൽ വളരെ പ്രയോജനപ്പെട്ടിരുന്നു. എന്നു കരുതി പൗലൊസ് ദൈവമാകുന്നില്ല. പൗലൊസിനും വീഴ്ച പറ്റാം. അതിനെ ന്യായീകരിച്ച് നാം കഷ്ടപ്പെടേണ്ട ആവശ്യമില്ല. പൗലൊസിന് യാതൊരു തെറ്റും സംഭവിക്കുകയില്ല എന്നു കരുതിയാൽ അത് ദൈവദൂഷണമാകും. പൗലൊസ് അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ലെങ്കിലും, അദ്ദേഹം നമ്മെപ്പോലെ സാധാരണ മനുഷ്യനാണ്.

അപ്പൊ.പ്രവൃ. 18:18 ൽ, പൗലൊസ് "തനിക്ക് ഒരു നേർച്ച ഉണ്ടായിരുന്നതിനാൽ കെംക്രയയിൽ വച്ച് തല ക്ഷൗരം ചെയ്യിച്ചു" എന്നു വായിക്കുന്നു. അപ്പൊ.പ്രവൃ. 21:23-24 ൽ, യാക്കോബ് പൗലൊസിനോട്, "നേർച്ചയുള്ള നാല് പുരുഷന്മാർ ഞങ്ങളുടെ ഇടയിലുണ്ട്. അവരെ കൂട്ടിക്കൊണ്ട് അവരോടുകൂടെ നിന്നെ ശുദ്ധിവരുത്തി അവരുടെ തല ക്ഷൗരം ചെയ്യേണ്ടതിന് അവർക്കുവേണ്ടി ചെലവ് ചെയ്ക" എന്ന് ഉപദേശിച്ചതായും പൗലൊസ് അത് അനുസരിച്ചതായും കാണുന്നു. ഈ രണ്ടു കാര്യങ്ങളും, പൗലൊസ് തന്നെ പഠിപ്പിച്ച പാഠങ്ങളുടെ അടിസ്ഥാനത്തിൽ, തെറ്റാണ്. ഗലാത്യലേഖനം മാത്രം വായിച്ചുകൊണ്ട്, അതിൽ പൗലൊസ് എഴുതിയ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇവ തെറ്റാണെന്ന് ഉറപ്പിച്ചു പറയാം.

പക്ഷേ അത് തെറ്റാണെന്നു പറയാൻ ധൈര്യപ്പെടാതെ പലരും പൗലൊസിന്റെ തെറ്റുകളെ വെളുപ്പിക്കാൻ ശ്രമിക്കുന്നത് കാണാറുണ്ട്. പൗലൊസ് തന്നെ പഠിപ്പിച്ചിട്ടുള്ള ദൈവവചനവും പൗലൊസിന്റെ പ്രവൃത്തിയും പൊരുത്തപ്പെടാത്തിടത്ത്, പൗലൊസ് ചെയ്തത് തെറ്റാണെന്ന് നമുക്ക് ധൈര്യമായി പറയാമല്ലോ. പത്രൊസിനും ബർന്നബാസിനും മർക്കൊസിനുമെല്ലാം തെറ്റുപറ്റിയതായി നാം ബൈബിളിൽ വായിക്കുന്നുണ്ട്. ഇവരെപ്പോലെത്തന്നെയുള്ള വ്യക്തിയായിരുന്നു പൗലൊസും. അതുകൊണ്ട് പൗലൊസിന്റെ ഭാഗത്തുവന്നിട്ടുള്ള വീഴ്ചകളെ ഉയർച്ചകളായി വ്യാഖ്യാനിച്ച് ആരും ബുദ്ധിമുട്ടേണ്ടതില്ല.

"എന്റെ ആത്മികപിതാവ് എല്ലാ ദിവസവും കോട്ടുംസൂട്ടും ധരിക്കുമെങ്കിലും ഞായറാഴ്ചകളിൽ യോഗത്തിനു വരുമ്പോൾ മുണ്ട് ആണ് ധരിക്കുക അതുകൊണ്ട് ഞാനും അങ്ങനെയാണ് ചെയ്യുന്നത്, ബാക്കിയുള്ളവരും അങ്ങനെ ചെയ്താൽ മതി" എന്ന മനോഭാവം ശരിയല്ല. ഞായറാഴ്ചയോഗങ്ങളിൽ മുണ്ട് ധരിക്കുന്നതും പാന്റ്സ് ധരിക്കുന്നതുമെല്ലാം ഓരോരുത്തരുടെ വ്യക്തിപരമായ താത്പര്യം. ആത്മികപിതാവ് അങ്ങനെ ചെയ്തിട്ടുള്ളതുകൊണ്ട് നിങ്ങളും അങ്ങനെ ചെയ്യണം എന്ന മനോഭാവത്തിലാണ് തെറ്റ് ഉൾപ്പെട്ടിരിക്കുന്നത്.

ബൈക്ക് ഓടിക്കാൻ പഠിക്കുമ്പോൾ, എന്നെ പഠിപ്പിച്ച വ്യക്തി (ഗുരു) പറഞ്ഞുതന്നത്, "ഇറക്കം ഇറങ്ങുമ്പോൾ ക്ലച്ച് പിടിക്കണം" എന്നാണ്. കുത്തനെയുള്ള ഇറക്കങ്ങളിൽ ക്ലച്ച് ഉപയോഗിച്ചാൽ വണ്ടി നിയന്ത്രണം നഷ്ടപ്പെടുംവിധം കുതിക്കുകയാണ് ചെയ്യുന്നതെന്നും, അതുകൊണ്ട് ഗുരു പഠിപ്പിച്ചത് തെറ്റാണെന്നും പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു. "എന്റെ ഗുരു ഇങ്ങനെയാണ് പഠിപ്പിച്ചത്" എന്ന് പറഞ്ഞ് ഞാൻ അത് തിരുത്തിയിരുന്നില്ലെങ്കിൽ ആശുപത്രികളിലെ 'ഓർത്തോ' വാർഡുകളിൽ എനിക്ക് സ്ഥിരതാമസം വേണ്ടിവരുമായിരുന്നു. ചിലപ്പോൾ എന്റെ ഭൗതികശരീരത്തിന്റെ അടക്കവും കഴിഞ്ഞേനേ.

ഊട്ടിയിൽ പോയി തിരിച്ചു ചുരമിറങ്ങുമ്പോൾ ഞാൻ ഫോർത്ത് ഗിയറിലാണ് കാർ ഓടിച്ചിരുന്നത് (ഫിഫ്ത്ത് ഗിയർ ആ കാറിനില്ലായിരുന്നു). ഒരു ഹിമാലയൻ മണ്ടത്തരമാണ് ഞാൻ കാണിച്ചത്. ദൈവം കരുണ കാണിച്ചതുകൊണ്ട് രക്ഷപ്പെട്ടു. എന്റെ രണ്ടു പെൺമക്കൾക്കും ഡ്രൈവിംഗ് അറിയാം. "ഞങ്ങളുടെ പപ്പാ നാലാമത്തെ ഗിയറിട്ടാണ് ചുരമിറങ്ങിയത്" എന്നും പറഞ്ഞ് അവരും അങ്ങനെ ചെയ്യാൻ തുടങ്ങിയാൽ... ബഹുമാനം നല്ലത് തന്നെ. പക്ഷേ മണ്ടത്തരങ്ങൾ അനുകരിക്കരുത്. തെറ്റുകളെ പിന്താങ്ങരുത്. ഗുരുവായാലും പിതാവായാലും തെറ്റുകളെ പിന്തുണയ്ക്കരുത്, തെറ്റുകകൾ എല്ലായ്പോഴും തെറ്റുകൾ തന്നെയാണ്.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## C D Cherian, Koipuram, Pathanamthitta

ഫെബ്രുവരി മാസത്തിലെ, കെ. വി. ഐസക്, പീച്ചിയുടെ അഭിമുഖം ഏലിയാവിന്റെ ദൈവത്തിന്റെ മഹത്വം ഇന്നും പ്രസക്തിയുള്ളതാണെന്നു കാണിക്കുന്നു. ഇന്നത്തെ സുവിശേഷകന്മാരിൽ എത്ര ശതമാനം പേർ സമാനാനുഭവം ഉള്ളവർ കാണും? ദൈവം തന്റെ ദാസനെയും തലമുറകളെയും അനുഗ്രഹിക്കട്ടെ. മാസിക പൊതുവെ തീരെ ചെറുതെങ്കിലും ദൈവത്തിന്റെ ആലോചന മുഖം നോക്കാതെ, മുഖത്ത് നോക്കി, അറിയിക്കുന്നതിൽ അഭിനന്ദനം അറിയിക്കുന്നു.

## M K Kuruvila, Perinthalmanna, Malappuram

എനിക്ക് ഇപ്പോൾ 96 വയസ്സുണ്ട്. മാസിക എല്ലാ മാസവും ലഭിക്കുന്നുണ്ട്. മാസിക എനിക്ക് വളരെ ഇഷ്ടമാണ്. നല്ല ലേഖനങ്ങളാണ് അതിലുള്ളത്.

## T F James, Ebenezer Printers, Thrissur

മാസിക കിട്ടിയാൽ ആദ്യം വായിക്കുന്നത് കെ. വി. ഐസക്ക്സഹോദരന്റെ ലേഖനമാണ്. അദ്ദേഹവുമായി വളരെ അടുത്ത ബന്ധം എനിക്കുണ്ട്. എങ്കിലും അദ്ദേഹം കോളേജുകളിൽ ബൈബിൾക്ലാസ്സുകൾ എടുത്ത കാര്യങ്ങൾ ഇപ്പോഴാണ് അറിയുന്നത്. കേരളവർമ്മകോളേജിൽ നിന്നുണ്ടായ ദുരനുഭവത്തിൽ അതിശയമില്ല. ഗിഡിയൻസ് വിതരണം ചെയ്ത ബൈബിളുകൾ അവിടെയയുള്ള എല്ലാ കുട്ടികളിൽനിന്നും വാങ്ങി, കൂട്ടിയിട്ട് കത്തിച്ച സംഭവം അവിടെ ഉണ്ടായിട്ടുണ്ട്. ഹൈന്ദവസംഘടനകളല്ല അത് ചെയ്തത്, പിന്നെയോ നിരീശ്വരചിന്താഗതി വച്ചുപുലർത്തുന്ന ചിലരായിരുന്നു.

**www.reallifevoice.in**

നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക. 2020 മുതലുള്ള മാസികകളും 25-ഓളം പുസ്തകങ്ങളും അതിൽ ലഭ്യമാണ്.

**STATEMENT**

Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Kuttur, Real Life, Mamparampil House, Kottekad, Kuttur P.O, Thrissur - 680 013 |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | Mamparampil House, Kottekad, Kuttur P.O., Thrissur, Kerala - 680 013 |
| 4. Publisher's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | same as in 3 |
| 5. Editor's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | same as in 3 |

I, Sebastian M. V., hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

**Sebastian M. V.**

Publisher

17-04-2025





**2025 APRIL 29, 30 MAY 1, 2, 3**

AGE LIMIT 13-30 Contact: 97462 28918, 99616 07064, 98478 05863

# ആസ്യയിലെ ഏഴ് സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

14

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## പെർഗ്ഗമൊസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:12–17)

*...നിങ്ങളുടെ ഇടയിൽ സാത്താൻ പാർക്കുന്നേടത്തുതന്നെ എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന കാലത്തുപോലും നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല (2:13)*

### സാത്താൻ പാർക്കുന്ന ഇടം

സാത്താന് ദൈവത്തെപ്പോലെ സർവ്വവ്യാപകത്വം ഇല്ല. ഒരേ സമയം ഒരു സ്ഥലത്ത് ആയിരിക്കാനേ കഴിയൂ. ഈ കുറവ് പരിഹരിക്കാനായി ഭൂത ഗണങ്ങളെ പിശാച് നിയമിച്ചിരിക്കുന്നു. ഓരോ പ്രദേശത്തിന്റെയും ചാർജ്ജ് (ഉത്തരവാദിത്വം) ചില ഭൂതങ്ങളെ ഏല്പിച്ചിരിക്കുകയാണ്. അവർ വിശ്വ സ്തതയോടെ അത് നിർവഹിക്കും. പിശാച് ഏതെങ്കിലും ഒരു സ്ഥലത്തെ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കും. ആ സ്ഥലമാണ് സാത്താൻ പാർക്കുന്ന ഇടം. അവിടെത്തന്നെ സാത്താൻ സ്ഥിരമായി താമസിക്കണമെന്നില്ല. കുറ ച്ചുകഴിഞ്ഞാൽ മറ്റൊരിടത്തേക്ക് മാറും. ഇപ്പോൾ 'ആ മാന്യൻ' പാർക്കു ന്നത് എവിടെയാണാവോ?

"നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധി കാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോ കങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫെസ്യർ 6: 12). നമുക്ക് പോരാട്ടമുള്ളത് മനുഷ്യരോടല്ല (ജഡരക്തങ്ങളോടല്ല) പിന്നെയോ പിശാ ചിന്റെ നേതൃത്വത്തിലുള്ള വാഴ്ചകളോടും അധികാരങ്ങളോടും ഈ ലോക ത്തിന്റെ അധിപതികളോടും ഒക്കെയാണ്. ഈ വാക്യത്തിൽനിന്ന് പിശാച് അധികാരം പലർക്ക് (തന്റെ കീഴിലുള്ള ഭൂതഗണങ്ങൾക്ക്) പങ്കിട്ട് കൊടു ത്തിരിക്കയാണെന്നു മനസ്സിലാക്കാമല്ലോ.

പിശാച് "ഈ ലോകത്തിന്റെ ദൈവം" ആണ് (2 കൊരിന്ത്യർ 4:4). "സർവലോകവും ദുഷ്ടന്റെ (പിശാചിന്റെ) അധീനതയിൽ കിടക്കുന്നു" (1 യോഹന്നാൻ 5:19). ഈ വാക്യങ്ങളെല്ലാം വിരൽചൂണ്ടുന്നത്, ഈ ലോകത്തിൽ പിശാച് അധികാരം നടത്തുന്നു എന്നുതന്നെയാണ്. തന്റെ കീഴിലുള്ള പലരെ (ഭൂതഗണങ്ങളെ) ഉപയോഗിച്ചാണ് ഈ ഭരണം. ദാനിയേൽ 10:13 ൽ, പാർസിരാജ്യത്തിന്റെ പ്രഭു എന്നും 10:20 ൽ യവനപ്രഭു എന്നും നാം വായിക്കുന്നുണ്ട്. ഇതൊന്നും മനുഷ്യരെക്കുറിച്ചല്ല പറയുന്നത് എന്ന് ആ ഭാഗം പരിശോധിച്ചാൽ മനസ്സിലാകും. ഓരോ ഏരിയ തിരിച്ച് പിശാച് ഏർപ്പെടുത്തിയിട്ടുള്ള ഭൂതങ്ങളായ അധികാരികളാണ് അവരെല്ലാം.

എന്നാൽ ചിലയിടങ്ങളിൽ പിശാച് നേരിട്ടു ഭരിക്കും. അതാണ് സാത്താൻ പാർക്കുന്ന സ്ഥലം, സാത്താന്റെ സിംഹാസനം ഉള്ളിടം. കർത്താവിന്റ ഈ ഭൂമിയിലെ ജീവിതകാലത്ത് പിശാച് കുറച്ചുദിവസം തന്റെ സിംഹാസനം യേശുവുള്ളിടത്ത് വച്ചിരുന്നു. നാല്പത് ദിവസം യേശുവിനെ പരീക്ഷിച്ച കാര്യം അപ്പോഴാണ് നടന്നത്. അതിനുശേഷം പിശാച് മറ്റൊരു സ്ഥലത്തേക്കു പോയി (ലൂക്കൊസ് 4:13). അതിനുശേഷം വീണ്ടും വന്നു. കർത്താവ് അത് മുൻകൂട്ടി കണ്ടുകൊണ്ട് ഇപ്രകാരം പറഞ്ഞു: "ലോകത്തിന്റെ പ്രഭു വരുന്നു" (യോഹന്നാൻ 14:30). പിന്നീട് അല്പനാൾ പിശാച് പാർക്കുന്ന സ്ഥലമായിരുന്നു അത്.

പെർഗ്ഗമൊസിലെ സഭയ്ക്ക് ഇതെഴുതുമ്പോൾ സാത്താൻ പാർക്കുന്ന സ്ഥലമായിരുന്നു അത്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ മാറിമാറി താമസിച്ച് നാശം നേരിട്ട് വിതയ്ക്കുന്നവൻ അന്നേരം പെർഗ്ഗമൊസിൽ ആയിരുന്നുവെന്ന്! അവിടെയുള്ള ആളുകളുടെ സ്ഥിതി എന്തായിരിക്കും? അവിടെയുള്ള കുടുംബങ്ങളുടെ സ്ഥിതി എന്തായിരിക്കും? അവിടെയുള്ള കുട്ടികളുടെ സ്ഥിതി എന്തായിരിക്കും? അവിടെയുള്ള സഭകളുടെ സ്ഥിതി എന്തായിരിക്കും? അവിടെയുള്ള സുവിശേഷകന്മാരുടെ അവസ്ഥ എന്തായിരിക്കും? അവിടെ അന്നുണ്ടായിരുന്ന വിശ്വാസികളെ നാം കണ്ടുപഠിക്കണം. സാക്ഷാൽ സാത്താൻ തന്റെ സിംഹാസനം വച്ച് ഭരണം നടത്തിയ സ്ഥലമായിട്ടുപോലും ദൈവജനം ദൈവകൃപയിലാശ്രയിച്ച് നിലനിന്നു.

**അന്തിപ്പാസ്**

പെർഗ്ഗമൊസിലെ സഭയിൽ ഒരാൾ രക്തസാക്ഷിയായി! അന്തിപ്പാസ്. 'അന്തിപ്പാസിനെ കൊന്ന കാലത്തുപോലും' എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് അക്കാലത്ത് ക്രൈസ്തവർക്കുനേരെയുണ്ടായ ആക്രമണങ്ങളുടെയും എതിർപ്പുകളുടെയും കാഠിന്യം മനസ്സിലാക്കാമല്ലോ. ക്രിസ്തുവിന്റെ നാമം മുറുകെപ്പിടിച്ചതിന്റെ ഫലമായി ഒരു വിശ്വാസി അതിദാരുണമായി കൊലചെയ്യപ്പെട്ടു. ദൈവം അവനെ സംരക്ഷിച്ചില്ല! ദൈവത്തിന് എന്തു

കൊണ്ട് അന്തിപ്പാസിനെ സംരക്ഷിക്കാൻ കഴിഞ്ഞില്ല? ഈ ചോദ്യത്തിന്റെ മറുപടി പരിശോധിക്കുന്നതിനുമുമ്പ് നാം അന്വേഷിക്കേണ്ട കാര്യം, അന്തിപ്പാസിനോ അന്തിപ്പാസ് ഉൾപ്പെട്ടുനിൽക്കുന്ന സഭയ്ക്കോ ഇക്കാര്യത്തിൽ ദൈവത്തോട് പരാതിയുണ്ടോ എന്നാണ്.

കർത്താവിന്റെ പേരിൽ രക്തസാക്ഷിയാകാതിരിക്കാനുള്ള അവസരം തീർച്ചയായും അന്തിപ്പാസിന് ഉണ്ടായിരുന്നുവല്ലോ. തന്റെ വിശ്വാസം ത്യജിച്ചാൽ മതിയായിരുന്നു. തന്റെ ശുശ്രൂഷകൾ അവസാനിപ്പിച്ചാൽ മതിയായിരുന്നു. എന്നാൽ അതൊന്നിനും അദ്ദേഹം തയ്യാറായില്ല. രക്തസാക്ഷിയാകാൻ അദ്ദേഹം ഒരുക്കമായിരുന്നു. ഗോതമ്പുമണി നിലത്തുവീണ് ചത്തെങ്കിൽ വളരെ വിളവുണ്ടാകും (യോഹന്നാൻ 12:24) എന്നു മനസ്സിലാക്കിയ വിശ്വാസിയായിരുന്നു അദ്ദേഹം. അതുകൊണ്ട് തന്റെ രക്തസാക്ഷിത്വത്തിൽ അദ്ദേഹം പരാതിയുള്ളവൻ ആകില്ല. സഭയ്ക്കും അതിൽ പരാതിയില്ലാത്തതുകൊണ്ട് എല്ലാ വിശ്വാസികളും വിശ്വാസത്തിൽ തുടർന്നു.

അന്തിപ്പാസിനെ ദൈവത്തിന് സംരക്ഷിക്കാൻ കഴിയാഞ്ഞിട്ടല്ല. അദ്ദേഹത്തെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ പൂർത്തീകരണമാണ് ആ രക്തസാക്ഷിത്വം. എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസ് എന്നാണ് കർത്താവ് അവനെ വിശേഷിപ്പിക്കുന്നത്. കർത്താവിന്റെ സാക്ഷിയായതുകൊണ്ടും വിശ്വസ്തനായതുകൊണ്ടുമാണ് അദ്ദേഹം കൊല്ലപ്പെട്ടത്. "പാരമ്പര്യമനുസരിച്ച്, അന്തിപ്പാസിനെ പിച്ചളപാത്രത്തിലിട്ട് ഡൊമീഷ്യൻ ചക്രവർത്തി സാവധാനത്തിൽ വേവിച്ചുകൊല്ലുകയാണുണ്ടായത്" എന്ന് NIV Study Bible- ൽ കുറിച്ചിരിക്കുന്നു. Wikipedia- യിലും ഇതുതന്നെയാണ് കൊടുത്തിരിക്കുന്നത്.

**എന്നാലും എന്റെ കത്തോലിക്കാസഭേ!**

കത്തോലിക്കാസഭ അന്തിപ്പാസിനെ വിശുദ്ധനായി പ്രഖ്യാപിച്ചു. മരിച്ചുപോയവരെയല്ല, ജീവനോടെയുള്ളവരെയാണ് വിശുദ്ധൻ എന്നു വിളിക്കുന്നത് എന്ന് ബൈബിളിന്റെ പുതിയനിയമം വായിച്ചാൽ നമുക്ക് മനസ്സിലാക്കാം. പക്ഷേ ഇവർ മരിച്ചുപോയ 'നല്ലവരെ'യാണ് വിശുദ്ധർ എന്നു വിളിക്കുന്നത്. അതിൻപ്രകാരം അവർ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായ അന്തിപ്പാസിനെ വിശുദ്ധ അന്തിപ്പാസ് എന്നു വിളിക്കാൻ തുടങ്ങി. മാത്രമല്ല ആ വിശുദ്ധൻ 'പല്ലുവേദനയുടെ വിശുദ്ധൻ' എന്ന് അവർ പ്രഖ്യാപിച്ചു. പല്ലുവേദന മാത്രമല്ല എല്ലാവിധ ദന്തരോഗങ്ങളുടെയും ആശ്വാസത്തിനായി ആ വിശുദ്ധനോട് പ്രാർത്ഥിക്കാമത്രേ! (...for relief from toothache, and diseases of the teeth - *Wikipedia*). ഇപ്രകാരം ദന്തരോഗങ്ങളുടെ മധ്യസ്ഥനാകാൻ വേണ്ടിയാണോ അന്തിപ്പാസ് രക്തസാക്ഷിയായത്? അദ്ദേഹത്തെ ഇങ്ങനെ അപമാനിക്കേണ്ട കാര്യമുണ്ടോ? **(തുടരും)**

# എഫെസ്യലേഖനം

**എം.എ. ജോസ്, തൃശ്ശൂർ എഴുതിയ**

**212 പേജുള്ള ഒരു പഠനഗ്രന്ഥം.** വില 120 രൂപ

താഴെ കാണുന്ന എക്കൗണ്ട് നമ്പറിൽ പണം അയച്ച്, വിലാസം അയച്ചുതന്നാൽ പുസ്തകം Registered Book Post അയച്ചുതരുന്നതാണ്. Jos Malyakal Abraham, A/c No. 0535053000009368

IFSC. SIBL0000535. Phone & WhatsApp: 94 95 46 45 12

## കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| Elsy Jose Chalissery, Pachalam, Ernakulam | Not known |
| P S Joseph, Kizhakkumpattukara, Thrissur | Left |
| Jose N K, Ambika Market, Vaikom | No Reason |
| S P Ouseppachan, Pallithode, Cherthala | Deceased |
| Chandrika M C, Mundur, Palakkad | Left |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

160

**ദൈവത്തിനു സ്തോത്രം!**

ഈ ലക്കം *റിയൽ ലൈഫ് വോയ്സിന്റെ* 160-ാം ലക്കമാണ്. കഴിഞ്ഞ 160 മാസങ്ങളിൽ, ഒരു മാസം പോലും മുടങ്ങാതെ, ഈ മാസിക പ്രസിദ്ധീകരിക്കുവാൻ സ്നേഹവാനായ ദൈവം ഞങ്ങളെ പ്രാപ്തരാക്കിയതോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. (എഡിറ്റർ)

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (13)

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60–ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 19. ബൈബിൾസ്കൂളുകളിലെ ക്ലാസ്സുകൾ

ഞാൻ വിദ്യാവിഹീനനെങ്കിലും തൃശ്ശൂരിലുള്ള പല കോളേജുകളിലും EU-വിന്റെ സഹായത്തോടെ പോയി അവിടെയുള്ള കുട്ടികൾക്ക് ബൈബിൾക്ലാസ്സുകൾ എടുത്ത കാര്യം ഞാൻ വിശദീകരിച്ചുവല്ലോ. അതുപോലെത്തന്നെ എന്റെ ജീവിതത്തിലെ മറ്റൊരു വഴിത്തിരിവാണ്, ചില ബൈബിൾസ്കൂളുകളിൽ പഠിപ്പിക്കാൻ അവസരം ലഭിച്ചത്. കുന്ദംകുളത്തെ ബൈബിൾസ്കൂൾ, ചിറ്റൂരിൽ ബ്രദർ ജോർജ്ജ്പീറ്ററിന്റെ ബൈബിൾസ്കൂൾ, തൃശ്ശൂരിൽ സഹോദരിമാർക്കുവേണ്ടി നടത്തിയിരുന്ന ബൈബിൾസ്കൂൾ, കണ്ണൂരിലുണ്ടായിരുന്ന ബൈബിൾസ്കൂൾ എന്നിവിടങ്ങളിലെല്ലാം എനിക്ക് അവസരം ലഭിക്കുകയുണ്ടായി.

**റിയൽ ലൈഫ് വോയ്സിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന എന്റെ ജീവിതാനുഭവങ്ങൾ വായിച്ച് പലരും എന്നെ വിളിക്കുവാനും പ്രാർത്ഥനയിൽ ഓർക്കുവാനും ഇടയായിട്ടുണ്ട്. നിങ്ങളെന്നോട് കാണിച്ച സഹകരണത്തിനും പ്രാർത്ഥനയ്ക്കും പല കരുതലുകൾക്കും ഞാൻ നന്ദിയുള്ളവനാണ്.**

ഞാൻ പ്രധാനമായും പഠിപ്പിച്ചിരുന്നത് ക്രിസ്തുശിഷ്യത്വമാണ്. ഉല്പത്തി 1 മുതൽ 10 വരെ അദ്ധ്യായങ്ങളും അന്ന് പഠിപ്പിച്ചിരുന്നു. അതിൽ ദൈവത്തിന്റെ പ്രവർത്തനങ്ങൾ, ലോകജനം ആരാണ്, ഇന്നത്തെ ജനങ്ങളുടെ വിശദാംശങ്ങൾ ഇതെല്ലാം പഠിപ്പിച്ചിരുന്നു. ഞാൻ ഏതെങ്കിലുമൊരു ബൈബിൾസ്കൂളിൽ പഠിച്ചിട്ടില്ല. കാരണം എന്റെ ജീവിതസാഹചര്യങ്ങൾ അതിന് അനുകൂലമായിരുന്നില്ല. ഞാൻ വളരെ താണ അവസ്ഥയിൽ, കൂലിവേല ചെയ്തു ജീവിച്ചിരുന്നവനെങ്കിലും സുവിശേഷം അറിയിക്കാനുള്ള നിർബന്ധം നിമിത്തം എന്റെ കൂട്ടുസഹോദരന്മാരോടു ചേർന്ന് പ്രവർത്തിച്ചു.

ആരിൽനിന്നും ധനമൊന്നും വാങ്ങിയിട്ടല്ല ഞാൻ പ്രവർത്തിച്ചത്. ഇപ്പോഴും അങ്ങനെത്തന്നെയാണ്. ആരെങ്കിലും ദൈവത്താൽ നിയോഗിക്കപ്പെട്ട് തരുന്നത് വാങ്ങും. ആരോടും എന്റെ ആവശ്യങ്ങൾ പറഞ്ഞിട്ടില്ല. ഞാൻ കൃഷി ചെയ്തും ഉപജീവനത്തിനുവേണ്ടി പലനിലകളിൽ അദ്ധ്വാനിച്ചും കൂടെയുള്ളവരെ ആവോളം സഹായിച്ചും ആണ് മുന്നോട്ടുപോയത്.

കുന്ദംകുളത്തെ ബൈബിൾസ്കൂളിൽ ആദ്യത്തെ ബാച്ചിൽ ഞാൻ ക്ലാസ്സെടുത്തിട്ടില്ല. പക്ഷേ പിന്നീടുള്ള ആറ് ബാച്ചുകളിൽ തുടർച്ചയായി ക്ലാസ്സുകൾ എടുക്കുവാൻ എനിക്ക് അവസരം ലഭിച്ചു. അവിടെ മുടങ്ങാതെ ഏറ്റവും കൂടുതൽ ക്ലാസ്സുകൾ എടുത്തിട്ടുള്ളത് ഞാനും വി. ജെ. പൗലൊസ് സഹോദരനുമാണ്. വചനം പഠിക്കാനും മറ്റുള്ളവരെ പഠിപ്പിക്കാനും എനിക്ക് ലഭിച്ച അവസരങ്ങളാണവ. അങ്ങനെയും ചില ശിഷ്യന്മാർ പല സ്ഥലത്തുണ്ട്. ആ ബൈബിൾസ്കൂളിൽ അക്കാലത്തുണ്ടായിരുന്ന വിദ്യാർത്ഥികളിൽ കൂടുതൽ പേരും എന്റെ സഭയിലെ യൗവനക്കാരായിരുന്നു.

അവിടെ ചേരാൻ വരുന്നവരെ ഇന്റർവ്യൂ ചെയ്യുന്ന ജോലി പലപ്പോഴും എന്നെയാണ് ഏല്പിച്ചിരുന്നത്. കണ്ണൂരിലെ ഒരു സ്ഥലംസഭയിൽനിന്ന് ബൈബിൾസ്കൂളിൽ പഠിക്കാൻ വന്ന ഒരു യൗവനക്കാരനെക്കുറിച്ച് പറയാം. അദ്ദേഹം വിശ്വസിച്ച്, സ്നാനപ്പെട്ട് അവിടെയുള്ള സ്ഥലംസഭയിൽ കർത്തൃമേശയിൽ പങ്കെടുത്തുകൊണ്ടിരുന്നവനായിരുന്നു. ഒരു വിശ്വാസകുടുംബത്തിൽ ജനിച്ചുവളർന്നവനായിരുന്ന തന്നോട് രക്ഷിക്കപ്പെട്ടത് എങ്ങനെയെന്നും മറ്റും ഞാൻ ചോദിച്ചപ്പോൾ എനിക്കൊരു കാര്യം മനസ്സിലായി – അവൻ രക്ഷിക്കപ്പെട്ടവനല്ല!

എന്റെ സ്ഥലംസഭയിലെ പോൾ അപ്പോൾ എന്റെ കൂടെയുണ്ടായിരുന്നു. ഞാൻ പോളിനോട് പറഞ്ഞു, ആ യൗവനക്കാരനോട് രാത്രിയിൽ ഒന്ന് സംസാരിക്കണം. അവൻ രക്ഷിക്കപ്പെട്ടവനല്ല. എങ്ങനെയാണ് രക്ഷിക്കപ്പെടുക എന്നവനറിഞ്ഞുകൂടാ. ഏതോ സാഹചര്യത്തിൽ ആരൊക്കെയോ പറഞ്ഞതുകേട്ട് സ്നാനപ്പെട്ടു എന്നേയുള്ളൂ. അതനുസരിച്ച് പോൾ അവനോട് രാത്രിയിൽ സംസാരിക്കുകയും അവൻ കണ്ണുനീരോടുകൂടി കർത്താവിനെ ഏറ്റുപറഞ്ഞ് സ്വീകരിക്കുകയും ചെയ്തു. അവൻ സ്നാപ്പെട്ടയാളാണ്. ഞാൻ പറഞ്ഞു, വിശ്വസിക്കുന്നതിനു മുമ്പ് സ്നാനപ്പെടുന്നതും ശിശുസ്നാനവും ഒക്കെ തുല്യമാണ്. വിശ്വസിച്ചു സ്നാനമേൽക്കുന്നതാണ് ബൈബിളിലെ രീതി. അതുകൊണ്ട് അവൻ തിരികെ നാട്ടിൽ പോയി. പിന്നീട് സ്നാനമേറ്റ് തിരിച്ചുവരികയും ബൈബിൾസ്കൂളിൽ പഠനമാരംഭിക്കുകയും ചെയ്തു.

ബൈബിളിൽസ്കൂളിൽ ചേരാൻ വന്ന മറ്റൊരു സഹോദരനോട്, എന്താണ് ബൈബിൾസ്കൂളിൽ ചേരാൻ കാരണം എന്ന് ഞാൻ ചോദിച്ചപ്പോൾ, അവൻ പറഞ്ഞ മറുപടി, സുവിശേഷവേലയുടെ ടെക്നിക് പഠിക്കാ

നാണ് എന്നാണ്. നിഷ്കളങ്കമായി അദ്ദേഹം പറഞ്ഞ മറുപടി എന്നെ വളരെ ചിന്തിപ്പിക്കുകയുണ്ടായി. ഏതായാലും അന്ന് ആ ബൈബിൾസ്കൂളിൽ പഠിച്ച പലരും പലയിടങ്ങളിൽ വേലക്കാരായും പ്രവർത്തകരായും മുന്നോട്ടു പോകുന്നുണ്ട് എന്നുള്ളത് വളരെ സന്തോഷകരമായ കാര്യം തന്നെയാണ്.

തൃശ്ശൂരിലെ, സഹോദരിമാർക്കുള്ള ബൈബിൾസ്കൂളിൽ ഞാനെടുത്ത ക്ലാസ്സുകൾ കുടുംബത്തിലും സഭയിലും സഹോദരിമാരുടെ ശുശ്രൂഷകൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ചാണ്. 128-ാം സങ്കീർത്തനത്തെ ആസ്പദമാക്കിയാണ് ഞാൻ ആ ക്ലാസ്സുകൾ എടുത്തത്. ഞങ്ങളുടെ സഭയിൽ വിവാഹത്തിനുവേണ്ടി ഒരുക്കപ്പെടുന്ന സ്ത്രീപുരുഷന്മാർക്ക് ഇത്തരം ക്ലാസ്സുകൾ മൂന്നുനാല് മണിക്കൂറുകളായി ഏതെങ്കിലുമൊരു ദിവസം എടുത്തതിനുശേഷം മാത്രമേ അവരെ വിവാഹവേദിയിലേക്ക് കൊണ്ടുവരികയുള്ളൂ. ഇത്തരം ക്ലാസ്സുകൾ വളരെ പ്രയോജനപ്പെട്ടതായി പലരും പിന്നീട് നേരിട്ട് കണ്ടപ്പോൾ പറയുകയുണ്ടായിട്ടുണ്ട്. പഠിച്ച പാഠങ്ങൾ പ്രാവർത്തികമാക്കിയപ്പോൾ അവരുടെ കുടുംബജീവിതം ധന്യമായതായി പലരും സാക്ഷ്യം പറഞ്ഞിട്ടുണ്ട്.

അനേകരെ വചനം പഠിപ്പിക്കുവാനും ഉന്നതനിലയിലുള്ള പലരോടും സുവിശേഷം പങ്കുവയ്ക്കാനും ദൈവം എന്നെ ഉപയോഗിച്ചു. രണ്ടാംക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള എനിക്ക് അതിനൊക്കെയുള്ള കൃപ ലഭിച്ചു. ദൈവത്തിന്റെ കൃപയാണ് ലോകത്തിന്റെ ജ്ഞാനത്തേക്കാൾ വലുത്. ലോകത്തിന്റെ ജ്ഞാനത്തെ സുവിശേഷത്തിന്റെ ഭോഷത്വത്താൽ മറികടക്കാൻ കഴിയുന്നതെങ്ങനെയാണെന്ന് ഞാനും എന്റെ ജീവിതത്തിലെ അനുഭവങ്ങളിൽനിന്ന് പഠിച്ചു. ഭാഷാജ്ഞാനം അധികമൊന്നും എനിക്കില്ലെങ്കിലും വചനപഠനത്തിനുവേണ്ടി മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകൾ പരിശോധിക്കാറുണ്ട്. അറിയാത്ത കാര്യങ്ങൾ അറിവുള്ളവരോട് ചോദിച്ച് മനസ്സിലാക്കും.

ബൈബിൾസ്കൂൾകാലഘട്ടം സന്തോഷമായിരുന്നുവെങ്കിലും ഞാൻ അത് തുടർന്നുപോകാൻ ഇഷ്ടപ്പെട്ടില്ല. കാരണം അക്കാലയളവിൽ എനിക്കുണ്ടായ നഷ്ടം പുതിയ ആളുകളെ നേടാൻ എനിക്ക് പൂർണ്ണമായി കഴിഞ്ഞില്ല എന്നതാണ്. ഞാൻ വീണ്ടും തോൾസഞ്ചിയും ബൈബിളുമൊക്കെയായി എന്റെ പഴയപ്രവർത്തനം പുനരാരംഭിച്ചു. എനിക്ക് കർത്താവ് ചില കുടുംബങ്ങളെ തന്നു. അങ്ങനെ പൂർണ്ണസമയം ബൈബിൾസ്കൂളുകളിൽ പഠിപ്പിക്കുന്നത് ഞാൻ അവസാനിപ്പിച്ചു.

ബൈബിൾസ്കൂൾപഠനം സഭകൾക്ക് ആവശ്യമാണ്. എന്റെ സഭയിലെ ഒട്ടുമിക്ക സഹോദരന്മാരും ദൈവവചനം അങ്ങനെ പഠിച്ചിട്ടുള്ളവരായതുകൊണ്ട് ദൈവവചനത്തിൽ പരിജ്ഞാനം അവർക്ക് ഉണ്ടെന്നു മാത്രമല്ല,

വചനം പഠിക്കുവാനും പങ്കിടുവാനും അവർക്ക് കഴിയുന്നുണ്ട്. സഭാതലം സമാധാനമായും ശാന്തമായും കഴിഞ്ഞ 35–36 വർഷങ്ങളായി മുന്നോട്ടുനീങ്ങുന്നു. ഈർഷ്യയും പിണക്കവും ഗ്രൂപ്പിസവും ഒന്നുമില്ലാതെ സഭ നിലനിന്നുപോകാൻ കർത്താവ് കരുണ കാണിച്ചു.

വചനപഠനത്തിന്റെ സ്വാധീനത എന്നെ വളരെ ആകർഷിച്ചിട്ടുള്ളതാണ്. എനിക്കറിവില്ലാത്ത പല കാര്യങ്ങളും ഞാൻ പലരോടും ചോദിച്ചും തർക്കിച്ചും ഒക്കെയാണ് പഠിച്ചിട്ടുള്ളത്. എന്റെ കൃഷിപ്പണിയുടെ ഇടയിൽ മാസത്തിൽ ഒന്നോ രണ്ടോ ദിവസം ഒ. എം. ശമൂവേൽസാറിനോടൊപ്പം മൂവാറ്റുപുഴയിൽ ഞാൻ സമയം ചെലവഴിക്കുകയും എനിക്ക് സംശയമുള്ള കാര്യങ്ങൾ ചോദിച്ചുമനസ്സിലാക്കുകയും ചെയ്യുമായിരുന്നു. ഇത് ഏതാണ്ട് മൂന്നു കൊല്ലത്തോളം തുടർന്നിട്ടുണ്ട് എന്നാണ് എന്റെ ഓർമ്മ.

പിന്നീട് അദ്ദേഹം അവിടെ നിന്ന് സ്ഥലം മാറിപ്പോയപ്പോൾ മറ്റൊരു ദൈവദാസൻ എന്നെ വചനം കൂടുതലായി പഠിപ്പിക്കുവാൻ ഇടയായി. ലോക്കൽചർച്ചിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൃശ്ശൂരിലെ മുല്ലക്കരയിൽ വന്ന എബ്രഹാം തോമസ് ആയിരുന്നു അത്. ഞാൻ പകൽസമയത്ത് പിക്കാസ്കൊണ്ട് കിളച്ച് കൃഷിപ്പണിയൊക്കെ ചെയ്തതിനുശേഷം രാത്രിയിൽ അദ്ദേഹം നടത്തിയിരുന്ന ബൈബിൾക്ലാസ്സുകളിൽ പങ്കെടുക്കാനായി പോകും. ആ പഠനം എന്നു പറയുന്നത്, ക്രിസ്തുശിഷ്യത്വവും നാലു സുവിശേഷങ്ങളുടെ ഒരു വ്യാഖ്യാനവും, ദൈവസഭയെക്കുറിച്ചുള്ള പഠനവും ഒക്കെയായിരുന്നു. അത് എന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. സഭാസത്യങ്ങൾ പലതും പഠിക്കാനിടയായത് അങ്ങനെയാണ്.

ക്രിസ്തുശിഷ്യത്വത്തെ സംബന്ധിച്ച ക്ലാസ്സുകൾ എന്റെ ജീവിതത്തെ പാടേ മാറ്റി മറിച്ചു. എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് പഠിച്ചത് അങ്ങനെയാണ്. എങ്ങനെയാണ് പ്രതിസന്ധികളെ തരണം ചെയ്യേണ്ടത്, എങ്ങനെയാണ് ശത്രുക്കളെ നേരിടേണ്ടത് എന്നൊക്കെ പഠിക്കുവാൻ ഇടയായി. കർത്താവിനെ അനുഗമിക്കുക എന്നു പറഞ്ഞാൽ എന്താണെന്നു മനസ്സിലാക്കുവാൻ സാധിച്ചു. ലോകപരമായ മറ്റു ജ്ഞാനങ്ങളൊന്നും എനിക്കില്ല. ദൈവം തന്ന കൃപയ്ക്കനുസരിച്ച് മുന്നോട്ടുപോകുന്നു. പ്രിയ വായനക്കാരോട് എനിക്ക് പറയാനുള്ളത്, ദൈവവചനപഠനം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. വചനം സ്വന്തമായി പഠിക്കണം, അറിയാവുന്ന കാര്യങ്ങൾ മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കണം. എനിക്ക് അതിനുള്ള കൃപ ദൈവം തന്നു. പ്രിയ വായനക്കാരും അത് ജീവിതത്തിൽ പ്രായോഗികമാക്കണം.

ലോകജ്ഞാനത്തേക്കാളുമധികം ദൈവകൃപയും ദൈവത്തിലെ ആശ്രയത്വവും ആണ് നമുക്കാവശ്യം. അപ്പോൾതന്നെ ലോകത്തിലെ പല കാര്യങ്ങളും നാം പരിശോധിക്കേണ്ടതും അന്വേഷിക്കേണ്ടതും ആവശ്യമാണ്. നാം

വെറുതെ ഇരിക്കരുത്. ഞാൻ ലോകത്തിലെ അനേകം ചരിത്രപുസ്തകങ്ങൾ വായിക്കാറുണ്ട്. ചരിത്രം എനിക്ക് വളരെ ഇഷ്ടമാണ്. മുസ്ലീങ്ങളുമായി ഞാൻ സംവാദം നടത്തിയിട്ടുണ്ട്. അതെല്ലാം ചരിത്രം ആധാരമാക്കിയിട്ടാണ് ചെയ്തിട്ടുള്ളത്. വായന അത്യാവശ്യമാണ്. വേദപുസ്തകവും ലോകത്തിലെ ചരിത്രപുസ്തകങ്ങളും നാം വായിക്കണം. പൂർവകാലചരിത്രവും സഭാചരിത്രവുമുണ്ട്. ഭാവി ഒരിക്കലും ചരിത്രത്തിനു പറയാൻ കഴിയില്ല. അത് ബൈബിളിനേ കഴിയൂ.

എന്റെ വീട്ടിൽ ഏറ്റവും വിലപിടിപ്പുള്ളത് പുസ്തകങ്ങളാണ്. എന്റെ വീട്ടുപകരണങ്ങൾക്ക് വലിയ വിലയൊന്നുമില്ല. പുസ്തകങ്ങൾക്കാണ് വിലയുള്ളത്. എന്റെ മകനും പുസ്തകപ്രേമിയാണ്. അതുകൊണ്ട് രണ്ടു മൂന്നു അലമാരകൾ നിറയെ പുസ്തകങ്ങളാണ്. അതിനകത്ത് ഇംഗ്ലീഷും മലയാളവും എല്ലാമുണ്ട്. ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും പറയാതെ പഠിച്ചും പരിശോധിച്ചും പറയുന്ന രീതിയാണ് എനിക്കുള്ളത്. അറിയാത്ത കാര്യങ്ങൾ അറിവുള്ളവരോട് ചോദിച്ചുമനസ്സിലാക്കാൻ ഇപ്പോഴും എനിക്ക് മടിയൊന്നുമില്ല. ഇപ്പോഴും പലരോട് വിളിച്ച് പല സംശയങ്ങളും ചോദിക്കാറുമുണ്ട്.

ദൈവവചനപഠനത്തിലേക്ക് പൂർണ്ണമായി തിരിയുകയും മനസ്സിലായ കാര്യങ്ങൾ അനുസരിക്കുകയും ചെയ്യുമ്പോഴാണ് നാം പക്വതയുള്ള വ്യക്തികളായി മാറുന്നത്. **(തുടരും)**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക മാസിക അതിൽ നേരത്തേ ലഭിക്കും**

**അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു**

ബ്രദറൺ സഭാവിശ്വാസിയും അമേരിക്കൻ പൗരത്വവുമുള്ള മലയാളി യുവാവിന്,

ബ്രദറൺ സഭാവിശ്വാസിയും ഇൻഡ്യയിലോ ഗൾഫ് രാജ്യങ്ങളിലോ ജോലി ചെയ്യുന്ന നഴ്സ് തുടങ്ങി മെഡിക്കൽ ഫീൽഡിൽ പ്രവർത്തിക്കുന്ന മലയാളി യുവതികളുടെ രക്ഷിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Date of Birth: November 13, 1998 Height: 165 cm
Education: Computer Science Working for: AT &T, USA

**Contact No:** 9446210626

# യോനാ
## (പുസ്തകപഠനം)

11

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:5**

**കപ്പൽക്കാർ ഭയപ്പെട്ട് ഓരോരുത്തൻ താന്താന്റെ ദേവനോട് നില വിളിച്ചു. കപ്പലിന് ഭാരം കുറയ്ക്കേണ്ടതിന് അവർ അതിലെ ചരക്ക് സമു ദ്രത്തിൽ എറിഞ്ഞുകളഞ്ഞു. യോനായോ കപ്പലിന്റെ അടിത്തട്ടിൽ ഇറങ്ങി കിടന്ന് നല്ലവണ്ണം ഉറങ്ങുകയായിരുന്നു.**

**1. കപ്പൽക്കാർ ഭയപ്പെട്ട് നിലവിളിച്ചു**

**2. ഓരോരുത്തൻ താന്താന്റെ ദേവനോട് നിലവിളിച്ചു.**

യോനാ 1:5 ൽ നിന്ന് മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങൾ കഴിഞ്ഞ ലക്ക ത്തിൽ ചിന്തിച്ചതാണല്ലോ. ആ വാക്യത്തിൽ നിന്ന് ലഭിക്കുന്ന മറ്റു ചില ചിന്തകൾ നമുക്ക് നോക്കാം.

**3. കപ്പലിന് ഭാരം കുറയ്ക്കേണ്ടതിന് അവർ അതിലെ ചരക്ക് സമു ദ്രത്തിൽ എറിഞ്ഞുകളഞ്ഞു**

ആടിയുലയുന്ന കപ്പലിന്റെ ഭാരം കുറച്ചില്ലെങ്കിൽ അത്യധികം അപ കടമാണെന്ന് തിരിച്ചറിഞ്ഞ് അവർ അതിലെ ചരക്ക് സമുദ്രത്തിലേക്ക് വലി ച്ചെറിഞ്ഞു. ചരക്ക് എന്നതിന് ഉപയോഗിച്ചിരിക്കുന്ന *കെലീ* എന്ന ഹീബ്രു പദത്തിന് Strong's Hebrew Dictionary യിൽ കൊടുത്തിട്ടുള്ള അർത്ഥമനു സരിച്ച് അവയിൽ പാത്രങ്ങളും വസ്ത്രങ്ങളും ബാഗുകളും ആഭരണങ്ങളും ഫർണീച്ചറുകളുമെല്ലാം ഉൾപ്പെടുന്നുണ്ട്. സ്വന്തമായതെല്ലാം വലിച്ചെറിയു കയാണ്. പ്രതീക്ഷയോടെ അവർ വാങ്ങിയതെല്ലാം എറിഞ്ഞുകളയുന്നു. തീർച്ചയായും വേദനയോടെയും വിഷമത്തോടെയും ആണ് അവർ അത് ചെയ്യുന്നത്. തങ്ങളുടെ ജീവനേക്കാൾ വലുതല്ല അവയൊന്നും എന്ന സത്യം അവർ തിരിച്ചറിഞ്ഞിരിക്കുന്നു. ലോത്തിന്റെ ഭാര്യ തിരിച്ചറിയാതെ പോയ സത്യമാണിത്. ആഗാൻ തിരിച്ചറിയാതെ പോയ സത്യമാണ് ഇത്. രണ്ടു പേരും വസ്തുവകകളെക്കുറിച്ചുള്ള ചിന്തയാൽ തങ്ങളുടെ ജീവനാണ് വലുത് എന്നു മറന്നുപോയി. ലോത്തിന്റെ ഭാര്യ ഉപ്പുതൂണായി മാറി. ആഗാൻ കൊല്ല പ്പെടുകയും ചെയ്തു.

ഈ ചരക്ക് എറിഞ്ഞുകളഞ്ഞില്ലെങ്കിൽ കപ്പൽ തകരും എന്ന് അവർ തിരിച്ചറിഞ്ഞു. കപ്പൽ ഉണ്ടാക്കാനുള്ള ആശയം അവർക്ക് എവിടെനിന്നാണ് കിട്ടിയത് എന്ന് അവർ ചിന്തിച്ചിരുന്നുവെങ്കിൽ നോഹയുടെ പെട്ടകത്തെ ക്കുറിച്ച് അവർ ഓർക്കുമായിരുന്നു. നോഹയുടെ പെട്ടകത്തിൽ ഉണ്ടായിരുന്ന അത്രയും ചരക്ക് ഈ കപ്പലിൽ ഉണ്ടായിരുന്നുവോ? എന്നിട്ട് നോഹയുടെ പെട്ടകം മുങ്ങുകയോ തകരുകയോ ചെയ്തുവോ? സർവശക്തനായ ദൈവ ത്തെ അവഗണിച്ചുകൊണ്ടുള്ള കപ്പലുകൾ ഏത് സമയവും തകരാം. ദൈവ ത്തെക്കൂടാതെ പടുത്തുയർത്തുന്ന സ്വപ്നക്കപ്പലുകൾ തകരുക തന്നെ ചെയ്യും. സ്വപ്നങ്ങൾ കാണാം. പക്ഷേ അത് ദൈവത്തിനു സ്ഥാനമുള്ള സ്വപ്നങ്ങളാകണമെന്നു മാത്രം.

ലൂക്കൊസ് 12:13–21 വരെയുള്ള വാക്യങ്ങളിൽ കളപ്പുരകൾ വലുതാക്കി പണിത് അതിൽ ഏറിയ കാലത്തേക്കുള്ള വസ്തുവകകൾ സംഭരിച്ചുവച്ച ഒരു ദ്രവ്യാഗ്രഹിയുടെ കാര്യം പറയുന്നുണ്ട്. അതിനേക്കാൾ മൂല്യം സ്വന്തം ജീവനുണ്ട് എന്ന കാര്യം അദ്ദേഹം മറന്നുപോയി. മൂഢൻ എന്നാണ് വചനം അവനെ വിളിച്ചത് (12:20). നല്ല മനസാക്ഷി തള്ളിക്കളഞ്ഞതു നിമിത്തം ചിലരുടെ വിശ്വാസക്കപ്പൽ തകർന്നുപോയ കാര്യം 1 തിമൊ.1:19,20 ൽ പറ യുന്നുണ്ട്. അതായത് അവരുടെ വിശ്വാസവും നല്ല മനസാക്ഷിയും ഇല്ലാ തായി. നല്ല മനസാക്ഷിക്കായി സ്നാനമേറ്റവരാണ് അവർ (1 പത്രൊസ് 3:21). വിശ്വാസവും നല്ല മനസാക്ഷിയും എല്ലാം തള്ളിക്കളഞ്ഞ് അവർ മറ്റു ചര ക്കുകൾ കയറ്റിയപ്പോൾ അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി.

വിശ്വാസവും നല്ല മനസാക്ഷിയും ഉള്ളിടത്തോളം അവരുടെ കപ്പൽ തകർന്നില്ല. അവ മാറ്റി മറ്റു ചരക്കുകൾ കയറ്റിയപ്പോൾ പ്രശ്നങ്ങളായി. നമ്മുടെ വിശ്വാസക്കപ്പലിൽ എന്തൊക്കെ ചരക്കുകളാണുള്ളത്? ദൈവത്തി നിഷ്ടമില്ലാത്ത ആ ചരക്കുകൾ കാരണം നമ്മുടെ വിശ്വാസക്കപ്പൽ തക രുമോ? തകരുന്നതിനുമുമ്പ് ആ വക ചരക്കുകൾ എടുത്ത് എറിഞ്ഞുകളയു ക. അപ്പൊ.പ്രവൃ. 27:18–19 ൽ "അവർ സ്വന്തംകൈയാൽ കപ്പൽക്കോപ്പും കടലിൽ ഇട്ടുകളഞ്ഞു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അവ ഉപേക്ഷിക്കു ന്നതിന് അവർ അനുഭവിച്ച മാനസികപ്രയാസം 'സ്വന്തംകൈയാൽ' എന്ന പദപ്രയോഗത്തിൽനിന്നു വ്യക്തമാണല്ലോ. ചിലപ്പോൾ ചിലതൊക്കെ വലി ച്ചെറിയാൻ നമുക്ക് പ്രയാസം തോന്നിയേക്കാം. കപ്പൽ തകരുന്നതിനു മുമ്പ് ദൈവവചനപ്രകാരമല്ലാത്തവയെല്ലാം വലിച്ചെറിയൂ.

നമ്മുടെ വിശ്വാസകപ്പലിൽ കോപം, പക, അശുദ്ധി, നുണ, ദ്രവ്യാ ഗ്രഹം തുടങ്ങിയ ചരക്കുകൾ കയറ്റാതിരിക്കുക. അത് നിറഞ്ഞ് നിറഞ്ഞ് അതിന്റെ ഭാരത്താൽ കപ്പൽ തകരും. ചില ചരക്കുകൾ എത്ര കയറ്റിയാലും കപ്പൽ തകരുകയില്ല. സഹോദരസ്നേഹമാകുന്ന ചരക്ക് എത്ര വേണമെ

ങ്കിലും കയറ്റിക്കൊള്ളൂ. നീതിയും ദയയും എത്ര വേണമെങ്കിലും കയറ്റിക്കൊള്ളൂ. വിശ്വസ്തതയും സത്യസന്ധതയും എത്ര വേണമെങ്കിലും കയറ്റിക്കൊള്ളുക. കപ്പൽ മുങ്ങുകയില്ല.

**4. യോനായോ... നല്ലവണ്ണം ഉറങ്ങുകയായിരുന്നു.**

സ്വസ്ഥമായും സമാധാനമായും നീങ്ങിയിരുന്ന ആ കപ്പൽയാത്രയിൽ ഉണ്ടായ എല്ലാ ദുരന്തങ്ങളുടെയും ഉത്തരവാദി യോനയാണ്. പെരുങ്കാറ്റ് അടിക്കുന്നു, വലിയ കോൾ ഉണ്ടാകുന്നു, കപ്പൽ തകരാൻ പോകുന്നു, ചരക്ക് വലിച്ചെറിയുന്നു, നിലവിളി ഉയരുന്നു... ഈ സകല പ്രശ്നങ്ങളുടെയും കാരണക്കാരനായവൻ ഇതൊന്നും അറിയാതെ കപ്പലിന്റെ അടിത്തട്ടിൽ ഇറങ്ങി കിടന്ന് സുഖമായി ഉറങ്ങുകയായിരുന്നു. കപ്പൽ ആടിയുലയുന്നതോ തന്റെ കൂടി ജീവൻ അപകടത്തിലാണെന്ന വസ്തുതയോ അറിയാതെയുള്ള ഉറക്കം! ദൈവത്തിന്റെ പ്രവാചകന് ഇതെല്ലാം എങ്ങനെ സാധിക്കുന്നു!

ഒരു സമൂഹത്തിൽ ഇത്രയധികം നാശം വിതച്ചിട്ട് ഒന്നുമറിയാത്തവനെപ്പോലെ സുഖമായി കിടന്നുറങ്ങുന്ന യോനമാർ ഇന്നുമുണ്ട്. ദൈവസഭയിൽ ചില പ്രശ്നങ്ങളുണ്ടാക്കിയിട്ട് ചില യോനമാർ സുഖമായി കിടന്നുറങ്ങുന്നു. സഭയിലെ ശുശ്രൂഷകന്മാരും മറ്റു ചില വിശ്വാസികളും നീറുന്ന ഹൃദയവുമായി കഴിയുമ്പോൾ, പ്രശ്നമുണ്ടാക്കിയവൻ സുഖമായി ഉറങ്ങുന്ന കാഴ്ച! കുടുംബത്തിൽ അനാവശ്യമായി പ്രശ്നങ്ങളുണ്ടാക്കിയിട്ട്, എല്ലാവരെയും ദുഃഖത്തിലാഴ്ത്തി, എല്ലാവരും നെടുവീർപ്പിട്ട് ദൈവസന്നിധിയിൽ കരയുമ്പോൾ അതൊന്നുമറിയാതെ സുഖമായി ഉറങ്ങുന്ന ആധുനികയോനമാർ! സ്കൂളുകളിലും കോളേജുകളിലും പ്രശ്നങ്ങളുണ്ടാക്കിയിട്ട്, മുറിവേറ്റ മനസ്സുമായി ചില അദ്ധ്യാപകരോ സഹവിദ്യാർത്ഥികളോ കഴിയുമ്പോൾ അതിലൊട്ടും വേവലാധിയില്ലാതെ സുഖമായി ഉറങ്ങുന്ന യോനമാർ!

വെട്ടേറ്റവൻ വിറങ്ങലിച്ച് വേദനകൊണ്ട് പുളയുമ്പോൾ വെട്ടിയവൻ സുഖമായി ഉറങ്ങുന്നത് അതിശയകരം തന്നെ! ചതിക്കപ്പെട്ടവൻ സങ്കടത്തോടെ ഞരങ്ങുമ്പോൾ ചതിച്ചവൻ മനോവിഷമം അശേഷമില്ലാതെ ഉറങ്ങുകയോ! ചില വീടുകളിൽ സംഭവിക്കാറുള്ള കാര്യം പറയാം. അവിടത്തെ ഗൃഹനാഥൻ രാത്രി മൂക്കറ്റം മദ്യപിച്ച് വരും. ഭാര്യയെയും മക്കളെയും പൊതിരെ തല്ലും. അന്നത്തെ രാത്രി ആ പാവം ഭാര്യയും മക്കളും ഉറങ്ങാതെ വേദനിച്ചും ദുഃഖിച്ചും കഴിയുമ്പോൾ, മദ്യപാനിയായ കുടുംബനാഥൻ കൂർക്കം വലിച്ച് ഉറങ്ങും. യോനായുടെ സ്വഭാവം കാണിക്കുന്നവർ!

യോനയേ നിനക്ക് ഉണരാൻ സമയമായി. നിന്റെ നല്ലവണ്ണം ഉള്ള ഉറക്കം അവസാനിപ്പിക്കാൻ സമയമായി. നീയുണ്ടാക്കിവച്ചിരിക്കുന്ന പൊല്ലാപ്പുകളുടെ ഗൗരവം തിരിച്ചറിയാൻ സമയമായി. **(തുടരും)**

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

42

## ഒമ്പതാംക്ലാസ്സുകാരിയുടെ തൂങ്ങിമരണം!

**2024**

പ്രേമം...

പണ്ട് മറ്റാരെയും അറിയിക്കാതെയും ഒളിഞ്ഞും മറഞ്ഞും കൊണ്ടുനടന്നിരുന്ന പ്രേമം എന്ന 'സംഭവം' ഇപ്പോൾ മറനീക്കി, പരസ്യമായി ആഘോഷിക്കുന്ന ഒന്നായിത്തീർന്നിരിക്കുന്നു.

സ്കൂൾകുട്ടികൾ പരസ്യമായി കെട്ടിപ്പിടിച്ചും ഉമ്മവച്ചും നടക്കുന്ന രീതിയിലേക്ക് ആ 'സംഭവം' വളർന്നുവികാസം പ്രാപിച്ചുകഴിഞ്ഞു.

പൂച്ചക്കുഞ്ഞുങ്ങൾ പോലെ നിഷ്കളങ്കമായി നടക്കുന്ന കുട്ടികൾ എന്ന ഇമേജുള്ളവർ പോലും പ്രേമത്തിന്റെ വലയിൽ അകപ്പെട്ട് ഏതോ മായാലോകത്തിൽ ജീവിക്കുന്നു!

"മാഷേ, അവളിന്ന് ഒരു ചെക്കന്റെ ഒപ്പം ബൈക്കിലാണ് ട്യൂഷന് വന്നത്" 9-ാംക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെക്കുറിച്ച് മറ്റൊരു പെൺകുട്ടി എന്നോട് പറഞ്ഞ കാര്യമാണിത്.

"അവർ പാടത്തുകൂടെയാണ് വന്നത് (പാടത്തിന്റെ വശത്തുള്ള റോഡിലൂടെ). എന്നിട്ട്, കുറെ അപ്പുറം ഇറങ്ങി. എന്നിട്ട് അവൾ നടന്നു വന്നു"

അവളെ വിളിച്ചു ചോദിച്ചപ്പോൾ അവളത് നിഷേധിച്ചു. "ഞാനൊരു ബൈക്കിലും വന്നിട്ടില്ല. ലൈൻബസ്സിലാണ് വന്നത്"

അവളതിൽ ഉറച്ചുനിന്നു. ബൈക്കിൽ അവൾ വരുന്നത് കണ്ട കുട്ടി അവൾ പറഞ്ഞതിലും ഉറച്ചുനിന്നു.

ഞാൻ അവളുടെ വീട്ടുകാരെ വിവരമറിയിച്ചു. അച്ഛൻ ഗൾഫിലാണ്. അമ്മ അവളെ പല വിധത്തിലും ചോദ്യം ചെയ്തുവെങ്കിലും അവൾ സത്യം വെളിപ്പെടുത്തിയില്ല.

"മാഷേ, ഇതിന്റെ സത്യാവസ്ഥ എങ്ങനെയാണ് കൃത്യമായി അറിയുക?" ആ അമ്മ എന്നോട് ഫോണിൽ ചോദിച്ചു.

"ബസ്സ്റ്റോപ്പിന്റെ തൊട്ടടുത്തുള്ള

കടയിൽ സിസിടിവി ക്യാമറയുണ്ട്. അത് പരിശോധിച്ചാൽ അവൾ ആ ബസ്സിൽ വന്നിട്ടുണ്ടോ എന്നറിയാൻ കഴിയും"

ഞാനിത് പറഞ്ഞയുടനെ ആ അമ്മ അക്കാര്യം പരിശോധിക്കാൻ എന്നോട് പറഞ്ഞു. എന്നിട്ട് മോളോട് ആ അമ്മ ഇങ്ങനെ പറഞ്ഞു: "മാഷ് അവിടെയുള്ള കടയിലെ ക്യാമറ നോക്കുവാൻ പോകയാണ്. എന്തെങ്കിലും ഉണ്ടെങ്കിൽ ഇപ്പോൾ പറയണം"

ഗത്യന്തരമില്ലാതെ ആ പെൺകുട്ടി സത്യമെല്ലാം തുറന്നുപറഞ്ഞു. അവൾ പഠിക്കുന്ന തൃശ്ശൂരിലെ കോൺവെന്റ് സ്കൂളിൽനിന്നും അവൾ ആ ചെറുക്കന്റെ ബൈക്കിലാണ് വന്നത്. വിജനമായ പാടത്തിന്നരികെയുള്ള റോഡിൽ നിർത്തി കുറെ നേരം സംസാരിച്ചു.

ഫോണിലൂടെ രഹസ്യമായി ആശയവിനിമയം നടത്താറുള്ള കാര്യവും അവൾ സമ്മതിച്ചു.

oooooooooooooooooooo

പിറ്റെ ദിവസം അതിരാവിലെ എനിക്കൊരു ഫോൺകോൾ...

ഫോൺനമ്പർ സേവ് ചെയ്തിട്ടുള്ളതുകൊണ്ട് അവളുടെ വീട്ടിൽനിന്നാണ് വിളിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. എന്റെ ഉള്ളിലൊരു പരിഭ്രമം!

അവളുടെ അമ്മയാണ്. "മാഷേ, അവൾ ഇന്നലെ വൈകുന്നേരം ഒരു ബുദ്ധിമോശം കാണിച്ചു."

എന്റെ ഉള്ളിലെ പരിഭ്രമം കൂടി.

"എന്താ പറ്റിയത്?" ഞാൻ ചോദിച്ചു.

"അവളെ താഴെ കാണാതായപ്പോൾ ഞാൻ മുകളിലെ മുറിയിലേക്ക് പോയി. വാതിൽ അകത്തുനിന്ന് കുറ്റിയിട്ടിരിക്കയായിരുന്നു. എനിക്കാകെ ഭയമായി. വിളിച്ചിട്ട് അവൾ തുറന്നില്ല. ഭയന്നുപോയ ഞാൻ ബലമായി വാതിലിൽ തള്ളുകയും ആഞ്ഞുചവിട്ടുകയും ചെയ്ത് തുറന്നു. അവൾ തൂങ്ങിനിൽക്കുന്നു."

"ഞാൻ ഓടിച്ചെന്ന് അവളെ വട്ടംപിടിച്ച് മുകളിലേക്ക് പൊക്കി. കഴുത്തിലെ കയറ് അഴിച്ചു. എന്റെ നിലവിളി കേട്ട് ഓടിക്കൂടിയവർ ഉടനെ വണ്ടി വിളിച്ച് മെഡിക്കൽകോളേജിലേക്ക് അവളെയും കൊണ്ടുപോയി"

"പോകുന്ന വഴിക്ക് ഒരാൾ മെഡിക്കൽകോളേജിലെ ഒരു ഡോക്ടറെ വിളിച്ച് വിവരം പറഞ്ഞു. പ്രഥമശുശ്രൂഷയായി ചില കാര്യങ്ങൾ ചെയ്യാൻ ആ ഡോക്ടർ നിർദ്ദേശിച്ചു. അതനുസരിച്ച് ഞങ്ങൾ പ്രവർത്തിച്ചു. എന്റെ മോൾക്ക് ബോധമുണ്ടായിരുന്നില്ല. യാതൊരു അനക്കവും ഉണ്ടായിരുന്നില്ല"

"മെഡിക്കൽകോളേജിൽ ഡോക്ടർമാർ ഉടനെ വേണ്ടതെല്ലാം ചെയ്തു. അവൾ രക്ഷപ്പെട്ടു..." ആ അമ്മ തേങ്ങിക്കരയുന്നത് എനിക്ക് വ്യക്തമായി കേൾക്കാമായിരുന്നു.

ചലനമറ്റപോലെ നിന്നിരുന്ന എനിക്കും ശ്വാസം വീണുകിട്ടിയതുപോലെ തോന്നി. ദൈവമേ സ്തോത്രം!

"ഇന്നലെ ഞാനവളെ കുറെ തല്ലി.

എനിക്ക് അത്രയധികം സങ്കടവും ദേഷ്യവും ഉണ്ടായിരുന്നു. പക്ഷേ ഇവളിങ്ങനെ ചെയ്യുമെന്നു വിചാരിച്ചില്ല."

"എനിക്ക് അവളോട് സംസാരിക്കണമെന്നുണ്ട്. ഫോൺ ഒന്ന് കൊടുക്ക്" എന്ന് ഞാൻ പറഞ്ഞു.

"അവൾക്ക് സംസാരിക്കാൻ കഴിയില്ല. കയറ് കഴുത്തിൽ കുരുങ്ങിയതുകൊണ്ട്..."

ആ അമ്മ തുടർന്നു: "എക്സ്റേ, സ്കാൻ എല്ലാം ചെയ്യേണ്ടിവരും. നട്ടെല്ലിന് പരുക്കുണ്ടോ എന്നു നോക്കണമത്രേ. അതുകഴിഞ്ഞ് സൈക്ക്യാട്രിസ്റ്റിനെ കാണണമെന്ന് പറഞ്ഞിട്ടുണ്ട്. പൊലീസ് വന്നു. കേസ് ആക്കിയിട്ടില്ല. കൊച്ചുപെൺകുട്ടിയല്ലേ എന്നവർ പറഞ്ഞു"

"എന്തായാലും ഫോൺ അവളുടെ കയ്യിൽ കൊടുക്ക്. ഞാനൊന്ന് സംസാരിക്കട്ടെ."

അവർ ഫോൺ അവളുടെ കയ്യിൽ കൊടുത്തു. ഞാനവളെ വിളിച്ചു. ഒന്നുരണ്ടുവട്ടം വിളിച്ചപ്പോൾ വിളികേൾക്കുന്നപോലെ ഒരു ഞരക്കം കേട്ടു.

"സാരമില്ല... സംഭവിച്ചതെല്ലാം മറന്ന് പുതിയ സ്വഭാവത്തോടെ നല്ല കുട്ടിയായി ഇനി കാണണം. നന്നായി പഠിക്കണം. അച്ഛനും അമ്മയും വളരെ കഷ്ടപ്പെട്ടല്ലേ വളർത്തുന്നത്? അപ്പോൾ അവരെ അനുസരിക്കണം.." അവൾ എല്ലാം മൂളിക്കേട്ടു.

oooooooooooooooooooo

*ഇപ്പോഴത്തെ കുട്ടികളുടെ മനോഭാവം നോക്കുക. തന്നിഷ്ടപ്രകാരം തോന്നിയതുപോലെ ജീവിക്കുക. പിടിക്കപ്പെടുമ്പോൾ പരമാവധി നുണ പറഞ്ഞ് തങ്ങളുടെ തെറ്റുകളെ പ്രതിരോധിക്കുക, മാതാപിതാക്കൾ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്താൽ ആത്മഹത്യ ചെയ്യുക...*

*എന്തൊരു മനോഭാവമാണിത്? മാതാപിതാക്കൾ കുട്ടികളെ ശാസിക്കാനും ശിക്ഷിക്കാനും അതുനിമിത്തം ഭയപ്പെടുന്നു. ഈ ഭയത്തെ പരമാവധി മുതലാക്കിക്കൊണ്ട് കുട്ടികൾ തങ്ങൾക്കിഷ്ടമുള്ളതുപോലെ കുത്തഴിഞ്ഞ് നടക്കുന്നു.*

*വിവേകം നഷ്ടപ്പെട്ടവർ പാസാക്കിയിരിക്കുന്ന വികലമായ നിയമങ്ങൾമൂലം കാര്യങ്ങൾ വീണ്ടും വികൃതമാകുന്നു.*

*കുട്ടികളെ തല്ലാൻ പാടില്ല. ശാസിക്കാൻ പാടില്ല. മാനസികമായി അവർ തളർന്നുപോകുമത്രേ! അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും പക്കൽനിന്ന് വടിയും ചൂരലും എടുത്തുമാറ്റിയ കോടതികളേ, അതുനിമിത്തം സ്കൂളുകളിലും വീടുകളിലും ഉണ്ടായ സമാധാനത്തകർച്ച നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ടോ?*

*പോലീസിന്റെ പക്കൽനിന്ന് ലാത്തിയും ചൂരലും കൂടി നിങ്ങൾ എടുത്തുകളയൂ. ഈ സമൂഹവും തലമുറയും നശിച്ചുനരകിച്ചുപോകട്ടെ.*

oooooooooooooooooooo

ആ പെൺകുട്ടി ജീവിതത്തിലേക്ക് മിടുക്കിയായി തിരിച്ചുവന്നു. ഇപ്പോഴും എന്റെ അടുത്ത് ട്യൂഷന് വരുന്നുണ്ട്. ദൈവത്തിനു നന്ദി! ❍

എംവിഎസ്

# ചൈൽഡ്കോർണർ

28

## നാടോടിസ്ത്രീകളുടെ ബാഗ്!

2019 ജനുവരി 15 ന് സംഭവിച്ച കാര്യമാണ്. ഒലവക്കോട് താണാവ് മേൽപാലത്തിനു താഴെ ട്രാക്കിനോട് ചേർന്നുള്ള കുറ്റിക്കാട്ടിൽ 4 വയസ്സുള്ള ഒരു പെൺകുട്ടിയുടെ മൃതദേഹം ഒരു ബാഗിൽ കണ്ടെത്തി. ഭിക്ഷാടനത്തിനുവേണ്ടി കുട്ടിയെ തട്ടിയെടുത്തതാണെന്ന് പ്രതികൾ സമ്മതിച്ചിരുന്നു. സംഭവത്തിൽ പ്രതികളായ നാടോടിസംഘത്തിലെ രണ്ട് സ്ത്രീകൾക്ക് പാലക്കാട് അഡീഷനൽ സെഷൻസ് കോടതി 18 വർഷത്തെ തടവും ഒന്നര ലക്ഷം രൂപ പിഴയും ശിക്ഷ വിധിക്കുകയുണ്ടായി. (2025 മാർച്ച് 26 ലെ വാർത്ത)

ഏതോ വീട്ടിൽ കളിച്ചും ചിരിച്ചും കഴിഞ്ഞിരുന്ന ഒരു നാലുവയസ്സുകാരി ഭിക്ഷാടനസംഘത്തിന്റെ ക്രൂരമായ കരങ്ങളിൽ എത്തിച്ചേരുന്നു! എങ്ങനെ? ആരാണ് ഉത്തരവാദി? ആ കുഞ്ഞിന്റെ മാതാപിതാക്കൾ ആണ് ഇതിന് മറുപടി പറയേണ്ടത്. എട്ടും പൊട്ടും തിരിയാത്ത തങ്ങളുടെ പൊന്നോമനയെ സംരക്ഷിക്കാൻ അവർക്കായില്ല! അവരെന്തു ചെയ്യുകയായിരുന്നു? ജന്മം കൊടുത്ത കുഞ്ഞിനെ പോറ്റിപ്പുലർത്താനും സംരക്ഷിക്കാനും കഴിവില്ലാത്ത മാതാപിതാക്കളായിരുന്നോ അവർ!

ഉത്തരവാദിത്തബോധമില്ലാത്ത, വമ്പൻപരാജയങ്ങളായ മാതാപിതാക്കൾ ഉള്ളിടത്തോളം കാലം ഭിക്ഷാടനമാഫിയയ്ക്ക് ഇരകളായി കുഞ്ഞുങ്ങളെ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. കുഞ്ഞുങ്ങളെ ശ്രദ്ധിക്കാനോ നല്ല രീതിയിൽ വളർത്താനോ പല മാതാപിതാക്കൾക്കും കഴിയുന്നില്ല. അലസരും അശ്രദ്ധയുള്ളതുമായ മാതാപിതാക്കളേ, നിങ്ങളുടെ മക്കൾക്കു വന്നുചേരുന്ന മിക്ക ദുരന്തങ്ങളിലും നിങ്ങളാണ് ഉത്തരവാദികൾ.

2017 ലെ വാളയാർ കേസിൽ പതിമൂന്നും ഒമ്പതും വയസ്സുള്ള പെൺകുട്ടികൾ രണ്ട് വ്യത്യസ്ത ദിവസങ്ങളിലായി തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ സിബിഐ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത് ആ പെൺകുട്ടികളുടെ മാതാപിതാക്കളെ പ്രതികളാക്കിക്കൊണ്ടാണ്. അവരുടെ ഭാഗത്തെ ഉത്തരവാദിത്വമില്ലായ്മ സിബിഐ അക്കമിട്ട് പറഞ്ഞാണ് കുറ്റപത്രം തയ്യാറാക്കിയിരിക്കുന്നത്. എല്ലാ മാതാപിതാക്കളും തങ്ങളുടെ മക്കളെ സൂക്ഷിക്കട്ടെ.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th April 2025

Posted at
Thrissur RMS

## ആനുകാലികം

### ജഡ്ജിയുടെ അമിതസമ്പാദ്യം!

ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്തവർമ്മയുടെ ഔദ്യോഗിക വസതിയിൽ തീപിടുത്തമുണ്ടായപ്പോൾ അത് അണയ്ക്കാനായി എത്തിയ ഫയർഫോഴ്സ് അംഗങ്ങൾ കണ്ടെത്തിയത് കണക്കിൽ പെടാത്ത കെട്ടുകണക്കിന് പണം! സുപ്രധാനമായ പല കേസുകളിലും വിധി പറഞ്ഞിട്ടുള്ള ജഡ്ജി, അതിനുവേണ്ടി കൈക്കൂലിയായി സ്വന്തമാക്കിയ പണമാണിതെന്ന് വ്യാപകമായ പരാതിയുയർന്നു. താൻ നിരപരാധിയാണെന്ന് ജഡ്ജിയും പറഞ്ഞു. തീപിടുത്തം ഉണ്ടാകാൻ കണ്ട നേരം! അപ്പോഴേക്കും ഫയർഫോഴ്സ് പാഞ്ഞെത്തിയിരിക്കുന്നു. ഒരു രണ്ടുമണിക്കൂർ കഴിഞ്ഞിട്ടായിരുന്നുവെങ്കിൽ ആ പണമെല്ലാം കത്തിനശിച്ചുപോവുമായിരുന്നില്ലേ? വീടും കത്തിപ്പോകുമായിരിക്കും. എന്നാലും മാനം പോവില്ലല്ലോ. ഔദ്യോഗികവസതിയാണ്. സ്വന്തമായി പണികഴിപ്പിച്ച വസതി വേറെയുണ്ട്. പാവം ജഡ്ജി. സ്വന്തം സത്യസന്ധത തെളിയിക്കേണ്ടത് അദ്ദേഹത്തിന്റെ ആവശ്യമായിരിക്കുന്നു.

പല ജഡ്ജിമാരും ഇലക്ട്രീഷ്യന്മാരെ വീട്ടിലേക്ക് വിളിച്ചുവരുത്തി ഷോർട്ട് സർക്കീട്ടും ഓവർലോഡിങ്ങും എല്ലാം പരിശോധിക്കുകയും തീപിടുത്തമൊഴിവാക്കാനുള്ള സാധ്യതകൾ ആരായുകയും ചെയ്തുവെന്നാണ് പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരാൾ പറഞ്ഞത്. ആത്മാർത്ഥതയും അർപ്പണബോധവുമുള്ള ജഡ്ജിമാർ നമ്മുടെ നാട്ടിലുണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ. പണം കണ്ടാൽ കവിണ്ണുവീഴുന്ന ദരിദ്രവാസികളായ ന്യായാധിപന്മാരും ഉണ്ട്. നമ്മുടെ കഥാനായകനായ ന്യായാധിപൻ ഇതിൽ ഏതു വിഭാഗത്തിൽ പെടും എന്ന് കാലം തെളിയിക്കട്ടെ.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V